| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| ഏഴാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.162 | | 07/08/2017 ൽ മറുപടിക്ക് | |
| ശ്രീ.വി.എ.അരുൺകുമാറിനെതിരെയുള്ള വിജിലൻസ് കേസ് | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ വി. എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ ; ഓരോ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | ശ്രീ വി.എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിൻമേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട ആവശ്യകതയില്ല. |
| (ബി) | ഇത് സംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന നിയമ വകുപ്പിന്റെ ഉപദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ഐ.സി.ടി. അക്കാദമി ഡയറക്ടറായി അരുൺകുമാറിനെ നിയമിച്ചതിനു പിന്നിലും ഐ.എച്ച്.ആർ.ഡി.യിൽ സ്ഥാനക്കയറ്റം നേടിയതിനു പിന്നിലും ക്രമക്കേട് ഉണ്ട് എന്ന വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) | ശ്രീ.വി.ഡി. സതീശൻ അദ്ധ്യക്ഷനായ നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ ഒരു വിജിലൻസ് എൻക്വയറി നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വി.സി 01/15/എസ്.ഐ.യു-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |

Lakshmi

സെക്ഷൻ ഓഫീസർ